വാട്ടർ കണക്ഷൻ നൽകുന്നത് സംബന്ധിച്ച്

128 (6287) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റിയുടെ വാട്ടർ കണക്ഷൻ ലഭിക്കുന്നതിനായി ഹാജരാക്കേണ്ട രേഖകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) പഞ്ചായത്തിൽ നിന്ന് ഉടമസ്ഥത തെളിയിക്കുന്ന സർട്ടിഫിക്കറ്റും ബിൽഡിംഗ് നമ്പറും ഉള്ള ബിൽഡിംഗുകൾക്ക് വാട്ടർ കണക്ഷൻ കൊടുക്കുന്നതിൽ തടസ്സം നിലനിൽക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ആയത് വിശദമാക്കുമോ ;

(സി) വർഷങ്ങളായി ഇത്തരം ബിൽഡിംഗുകളിൽ താമസിക്കുന്ന ആളുകൾക്ക് വാട്ടർ കണക്ഷൻ ലഭിക്കുന്നതിന് നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ ഇളവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? വിശദാംശം അറിയിക്കുമോ ;

ഉത്തരം

(എ) അംഗീകൃത പ്ലംബർ മുഖേനയുള്ള നിശ്ചിത അപേക്ഷയോടൊപ്പം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നൽകുന്ന ഉടമസ്ഥത സർട്ടിഫിക്കറ്റ്, കെട്ടിട നമ്പർ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ്, ഡൈമെൻഷൻ സ്കെച്ച് എന്നിവ ഹാജരാക്കേണ്ടതാണ്. കെട്ടിട നിർമ്മാണത്തിനായി കണക്ഷനുകൾക്ക് കെട്ടിട നമ്പർ ഹാജരാക്കേണ്ടതില്ല.

(ബി) ഉടമസ്ഥത തെളിയിക്കുന്ന സർട്ടിഫിക്കറ്റും ബിൽഡിംഗ് നമ്പറും ഉള്ള ബിൽഡിംഗുകൾക്ക് ഫീസിബിലിറ്റിക്ക് അനുസൃതമായി കണക്ഷൻ നൽകുന്നതിന് തടസ്സങ്ങൾ ഒന്നും നിലവിലില്ല. എന്നാൽ ഈ രേഖകൾ ഉള്ള ഫ്ളാറ്റ്, ബഹുനില കെട്ടിടങ്ങൾ എന്നിവയ്ക്ക് 150 മില്ലി മീറ്ററോ അതിൽ കുറവോ വ്യാസമുള്ള വിതരണ കുഴലുകളിൽ നിന്നും വാട്ടർ കണക്ഷൻ നൽകുവാൻ നിയമം അനുവദിക്കുന്നില്ല.

(സി) ഉടമസ്ഥത തെളിയിക്കുന്ന സർട്ടിഫിക്കറ്റും ബിൽഡിംഗ് നമ്പറും ഉള്ള ബിൽഡിംഗുകൾക്ക് ഫീസിബിലിറ്റിക്ക് അനുസൃതമായി കണക്ഷൻ നൽകുന്നതിന് തടസ്സങ്ങൾ ഒന്നും നിലവിലില്ല. എന്നാൽ ഫ്ളാറ്റ്, ബഹുനില കെട്ടിടങ്ങൾ എന്നിവയിന്മേലുള്ള നിയന്ത്രണം ഒഴിവാക്കുവാൻ നിയമപരമായി സാധ്യമല്ല.

ഗോൾഫ് ക്ലബ്ബിലെ വാട്ടർ ചാർജ്ജ് കുടിശ്ശിക

129 (6288) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗോൾഫ് ക്ളബ്ബ് സർക്കാരിനു കൈമാറാൻ കോടതി ഉത്തരവുണ്ടായ സന്ദർഭത്തിൽ ഗോൾഫ് ക്ളബ്ബ് ഭാരവാഹികൾ ക്ളബ്ബിന്റെ വാട്ടർ ചാർജ്ജ് കുടിശ്ശിക ഇനത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് എന്തെങ്കിലും തുക നൽകാനുണ്ടായിരുന്നോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇത് കുടിശ്ശികയും പലിശയും അടക്കം ഒരു കോടിയോളം രൂപ വരും എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കുടിശ്ശിക എത്രയെന്ന കാര്യം ഇതിനകം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത തുക പിരിച്ചെടുക്കുന്നതിനായി ഇതിനകം എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(എഫ്) കുടിശ്ശിക എന്നത്തേയ്ക്ക് പൂർണ്ണമായും ഈടാക്കാനാകും എന്നാണ് കരുതുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കുടിശ്ശികയും പലിശയും അടക്കം 83,35,884 രൂപ അടയ്ക്കാനുണ്ട്.

(ഡി) ഉണ്ട്.

(ഇ) കണക്ഷനുകൾക്ക് കൃത്യമായ ബില്ലുകൾ നൽകുകയും കണക്ഷൻ വിച്ഛേദിക്കുവാൻ നോട്ടീസുകളും നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ രണ്ട് കണക്ഷനുകൾ ഇപ്പോൾ വിച്ഛേദിക്കപ്പെട്ട നിലയിലാണ്. ഒരു കണക്ഷനെ സംബന്ധിച്ച് കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നതിനാൽ വിച്ഛേദിക്കാൻ കഴിഞ്ഞിട്ടില്ല.

(എഫ്) കോടതിയിൽ നിലനിൽക്കുന്ന വ്യവഹാരങ്ങൾക്ക് അന്തിമ തീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കാനുള്ള കുടിശ്ശിക

130 (6289) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് 30-6-2010-വരെ എത്ര തുക കുടിശ്ശികയായി പിരിഞ്ഞു കിട്ടാനുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച് ധനകാര്യ മന്ത്രിയുടെ ചേംബറിൽ വച്ച് തദ്ദേശ സ്വയംഭരണ വകുപ്പുമായി എന്തെങ്കിലും ചർച്ച നടത്തിയോ ; എങ്കിൽ ചർച്ചയുടെ ഫലമായി വാട്ടർ അതോറിറ്റിക്ക് പിരിഞ്ഞുകിട്ടിയ കുടിശ്ശിക എത്ര ;

LIBRARY ARCHIVES Kerala Legislative Assembly